F.Y.
September 2015

Reg. No.

Name ....

**202**

# First Year Higher Secondary Improvement Examination

## Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. **(4 × 1 = 4)**

   a) പ്രണയം അടിസ്ഥാന ഭാവമായിട്ടുള്ള രചന ഏത്?
   (മത്സ്യം, കുറത്തി, സന്ദർശനം, സംക്രമണം)

   b) 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധ എഴുതിയ മൂന്നാമത്തെ കഥയുടെ പേര് എന്ത്?
   (ശേഖൂട്ടി, ദുർമ്മരണം, നെയ്പ്പായസം, ശസ്ത്രക്രിയ)

   c) പ്രതിഗ്രാഹികാവിഭക്തി പ്രത്യയം ചേർന്ന പദം ഏത്?
   (സൂര്യനെ/സ്നേഹിച്ച/സൂര്യകാന്തിയുടെ/കഥ)

   d) "തള്ളയുടെ വിളികേട്ട് ഓടുന്ന പൈതലിനെപ്പോലെ ഞാൻ ഓപ്പറേഷൻ തീയറ്ററിലേക്ക് കുതിച്ചു". 'ശസ്ത്രക്രിയ' എന്ന കഥയിലെ ഏതു കഥാപാത്രമാണ് ഇങ്ങനെ കുതിച്ചത്?
   (മകൻ, അമ്മ, ഡോ. വേണുഗോപാൽ, ഭാര്യ)

2. കൂട്ടത്തിൽ ചേരാത്തത് എടുത്തെഴുതുക. (4 × 1 = 4)

a) ദേവകി മാനമ്പള്ളി, മിസ്സിസ് നായർ, തേതിയേടത്തി, ദേവി ബഹൻ.

b) ഖാസി മുഹമ്മദ്, കുണ്ടിൽ കുഞ്ഞാമിന, ചെറുശ്ശേരി, മോയിൻകുട്ടി വൈദ്യർ.

c) ഭക്തി ദീപിക, അദ്വൈത ദീപിക, അനുകമ്പാ ദശകം, ദൈവ ദശകം.

d) വാസനാ വികൃതി, ദ്വാരക, മദിരാശിപ്പിത്തലാട്ടം, ആരാന്റെ കുട്ടി.

3. ചേരുംപടി ചേർക്കുക: (4 × 1 = 4)

a) സൈക്കിൾ മോഷ്ടാക്കൾ – ബാബു കാമ്പ്രത്ത്

b) ചലച്ചിത്ര സമീക്ഷ – ഗീതു മോഹൻദാസ്

c) ബിഹൈന്റ് ദ മിസ്റ്റ് – വിക്ടോറിയ ഡിസീക്ക

d) കേൾക്കുന്നുണ്ടോ – വിജയ കൃഷ്ണൻ

4. ശരിയോ തെറ്റോ എന്നെഴുതുക. (2 × 1 = 2)

a) ജി. ശങ്കരക്കുറുപ്പ് എഴുതിയ കവിതയാണ് അനർഘ നിമിഷം.

b) ഷോളയാർ കാടുകളിൽ ചെമ്പന്റെയും കുമാരന്റെയും കൂടെ എൻ.എ നസീർ ഉറങ്ങാൻ ചീനി വൃക്ഷച്ചുവടായിരുന്നു തെരഞ്ഞെടുത്തിരുന്നത്.

രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. (1 × 2 = 2)

5. അറബിമലയാളഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

നാലോ അഞ്ചോ വാചകത്തിൽ ഉത്തരമെഴുതുക. (5 × 3 = 15)

6. "കനകമൈലാഞ്ചിനീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു ചുരന്നതും".

'സന്ദർശനം' എന്ന കവിതയിലെ പ്രണയ തീവ്രത ആവിഷ്കരിക്കാൻ സഹായിക്കുന്ന സമാനമായ പ്രയോഗങ്ങൾ കണ്ടെത്തുക?

7. "കണ്ണിനാലെന്റെ കരളിനുരുളിയി–
ലെണ്ണ കാച്ചിയ നൊമ്പരം........ ".

'കായലരികത്ത്' എന്ന സിനിമാഗാനത്തിൽ ഇതുപോലെയുള്ള ഗ്രാമ്യഭാഷാ പ്രയോഗങ്ങളുടെ മനോഹാരിത കണ്ടെത്തുക.

8. 'നമ്മുടെ ജനപ്രിയ സിനിമകൾ സ്വപ്നലോകത്തിന്റെ ഭ്രമാത്മകതയാണ് പൊതുവെ പ്രതിഫലിപ്പിക്കുന്നത്'. വിലയിരുത്തുക?

9. "അരുളൻപനുകമ്പ മൂന്നിനും

പൊരുളൊന്നാണിതു ജീവതാരകം"

അനുകമ്പാദശകം എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ശ്രീ. നാരായണഗുരുവിന്റെ ജീവിതദർശനം കണ്ടെത്തുക?

10. "ചെന്ന ദിക്കിലെല്ലാം ഈരാറു പന്ത്രണ്ട്."

"ദ്വേധാ നാരായണീയം എന്ന് പട്ടേരി പറഞ്ഞതുപോലെ".

ഇങ്ങനെയുള്ള പഴഞ്ചൊല്ലുകൾ 'വാസനാവികൃതി' എന്ന ചെറുകഥയിലെ നർമ്മ രസത്തെ കൂടുതൽ സ്വതസിദ്ധമാക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

അരപ്പുറത്തിൽ ഉത്തരമെഴുതുക. **(5 × 5 = 25)**

11. "എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തെരഞ്ഞെടുക്കുന്ന സിംബലുകൾ." ഉദാഹരണസഹിതം വിശദമാക്കുക?

12. "ഒരു കാട്ടിൽ വൃക്ഷമായി ജനിക്കണമെന്ന് സ്വപ്നം കണ്ടിരുന്നു. വെട്ടിയകറ്റിയാലും പുതുനാമ്പുകളോടെ പുനർജ്ജനിക്കുന്ന കാട്ടാൽ വൃക്ഷം." – ഈ വരികളിലൂടെ എൻ.എ നസീർ നല്കുന്ന പ്രകൃതിപാഠം എന്ത്?

13. "അവനെ

പരുന്തിൻ കണ്ണുകൾക്ക്

കോർത്തെടുക്കാനോ

ഉപ്പുവയലുകൾക്ക്

ഉണക്കിയെടുക്കാനോ

ധ്രുവങ്ങൾക്ക്

മരവിപ്പിക്കാനോ കഴിഞ്ഞില്ല."

സ്വാതന്ത്ര്യത്തെ പ്രതിരോധിക്കുന്ന ഏതൊക്കെ ഘടകങ്ങളെക്കുറിച്ചാണ് ടി.പി. രാജീവൻ 'മത്സ്യം' എന്ന കവിതയിലൂടെ സൂചിപ്പിക്കുന്നത് ചർച്ച ചെയ്യുക?

14. ശബ്ദങ്ങളുടെ സാധ്യതകൾ സമഗ്രമായി ഉപയോഗിച്ചിരിക്കുന്ന ഒരു ഹ്രസ്വചിത്രമാണ് 'കേൾക്കുന്നുണ്ടോ'. ചർച്ച ചെയ്യുക.

15. വൈക്കം മുഹമ്മദ് ബഷീറിന്റെ 'അനർഘ നിമിഷം' എന്ന കൃതിയിൽ കാണുന്ന അടിസ്ഥാന ഭാവം ആത്മീയതയാണ്. – ഈ അഭിപ്രായത്തോട് താങ്കൾ യോജിക്കുന്നുണ്ടോ?

ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക. **(3 × 8 = 24)**

16. "ചിരിക്കുന്നുവോ? കൊള്ളാം യൗവനത്തിന്റേതായ്, ക–
യ്യിരിപ്പുണ്ടിന്നും നിനക്കാ മനോഹര സ്മിതം."

വാർദ്ധക്യത്തിലെത്തിയിട്ടും നിറം മങ്ങാത്ത ദാമ്പത്യത്തിന്റെയും പ്രണയത്തിന്റെയും മനോഹാരിതയാണ് ഊഞ്ഞാലിൽ എന്ന കവിതയെ ശ്രേഷ്ഠമാക്കുന്നത്.– വിശദീകരിക്കുക?

**അല്ലെങ്കിൽ**

സ്വാതന്ത്ര്യസമരവും സാമൂഹ്യപരിഷ്ക്കരണവും ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി' എന്ന നോവലിന്റെ അന്തർധാരയായിരുന്നു. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക?

17. ജന്തുജാലങ്ങളും മനുഷ്യരും തമ്മിലുള്ള പരസ്പരാശ്രയത്തിന്റെ കഥയാണ് 'കൈപ്പാട്' എന്ന ഡൊക്യുമെന്ററി പറയുന്നത്. വിവരിക്കുക?

**അല്ലെങ്കിൽ**

'കളവുപോയ സൈക്കിൾ' എന്ന സിനിമയിൽ കാണുന്ന സാമൂഹിക അവസ്ഥ വിശകലനം ചെയ്യുക?

18. "ഒരു കുറ്റിച്ചൂല്–
ഒരു നാറത്തേപ്പ്-ഞെണുങ്ങിയ വക്കാർ–
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണിവൾ"

(ആറ്റൂർ രവിവർമ്മ-സംക്രമണം)

"എന്തിനാ പാട്ടും കഥേം? അമ്മ പറേണതു പോലെ, പെണ്ണായാൽ ചോറും കറിം വയ്ക്കണം, പെറണം.....".

(കെ.ആർ. മീര-ഓർമ്മയുടെ ഞരമ്പ്)

സ്ത്രീയുടെ ദൈന്യതയാണ് ഈ രണ്ടു കൃതികളും പകർത്തുന്നത്. സമകാലിക സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക?

**അല്ലെങ്കിൽ**

ശ്രീകൃഷ്ണന്റെ ബാല്യകാലം ആവിഷ്ക്കരിക്കുന്നതിനപ്പുറം വായനക്കാരെ സ്വന്തം ബാല്യകാല ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടു പോകുകയാണ് ചെറുശ്ശേരി. 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക?